# എഡിറ്റോറിയൽ

# നീരയെ വെടക്കാക്കുന്നവർ

തെങ്ങു നട്ടുവളർത്തിയ കൃഷിക്കാരന് അതിൽനിന്നു പോഷക സമ്പന്നവും ലഹരിവിമുക്തവുമായ പാനീയം ചെത്തിയെടുത്തു വിൽക്കാൻ എക്സൈസ് ഉദ്യോഗസ്ഥരുടേയും യൂണിയൻകാരുടേയും ഷാപ്പുടമകളുടേയുമൊക്കെ അനുവാദം കാത്തിരിക്കുകയാണ് കേരളം. വിദേശമദ്യവില്പനശാലകളും ബാറുകളും വഴി വരുമാനം ഉറപ്പാക്കുന്ന എക്സൈസ് വകുപ്പിനാകട്ടെ നീര കള്ളായി മാറി കേരളത്തെ നശിപ്പിക്കുമോയെന്ന കലശലായ ആധിയാണുതാനും. നടുവൊടിഞ്ഞുനിൽക്കുന്ന കേരകർഷകൻ നീര വിറ്റുനന്നായിക്കോട്ടേയെന്നു തീരുമാനിക്കാൻ ചെത്തുതൊഴിലാളിനേതാക്കളെന്നു വിശേഷിപ്പിക്കപ്പെടുന്നവരോടും മദ്യമുതലാളിമാരോടുമൊക്കെ അനുവാദം ചോദിക്കുന്ന സംസ്ഥാനസർക്കാരിന്റെ ഇച്ഛാശക്തിയും കെങ്കേമം!

ചെത്താതെ കിട്ടുന്ന കള്ളിനേക്കാൾ അപകടം ലഹരിവിമുക്തവും പോഷകസമൃദ്ധവുമായ നീരയിൽ കണ്ടെത്തുന്നവരുടെ യുക്തിയും സാമാന്യബോധവും പരിശോധിക്കേണ്ടതുതന്നെ. എങ്ങനെയെങ്കിലും നീര അനുവദിച്ചെന്നു വരുത്തിയശേഷം വെടക്കാക്കി തനിക്കാക്കുകയെന്ന തന്ത്രമാണ് ഇപ്പോൾ ഈ രംഗത്തെ കുത്സിതശക്തികൾ പയറ്റുന്നതെന്നു കേരളത്തിലെ കൃഷിക്കാർ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഇതിനെതിരേ അതിശക്തമായി പ്രതികരിക്കാൻ സ്വന്തമായി നാലു തെങ്ങുള്ളവരെല്ലാം മുന്നോട്ടു വരണം. കൃഷിക്കാരനും ചെത്തുതൊഴിലാളിക്കും മികച്ച വരുമാനം വ്യാപകമായി നേടിക്കൊടുക്കാൻ കഴിയുന്ന നീരവ്യവസായത്തിനു മദ്യവിരുദ്ധതയുടെ മൂടുപടമണിഞ്ഞ ചില തത്പരകക്ഷികൾ വിലങ്ങുതടിയാവാൻ പാടില്ല. അവർക്ക് ഓശാന പാടുന്നത് എക്സൈസ് ഉദ്യോഗസ്ഥരായാലും മന്ത്രിയായാലും കേരളത്തിലെ കൃഷിക്കാർ പൊറുക്കില്ല. കണക്കിൽ മാത്രം മുപ്പതിനായിരം പേരുള്ള ചെത്തുതൊഴിലാളികളുടെ പേരിൽ അവർക്കുകൂടുതൽ പ്രയോജനകരമായ പദ്ധതി വേണ്ടെന്നു പറയുന്നവർ 42 ലക്ഷം വരുന്ന നാളികേരകർഷകരെ വിസ്മരിക്കുന്നതിലെ ന്യായംകൂടി പറയണം.

കേരളത്തിലെ നാളികേരകർഷകർ കള്ളുണ്ടാക്കി മദ്യവില്പന നടത്താനുള്ള അവകാശമല്ല ചോദിക്കുന്നത്. സ്വന്തം മുറ്റത്തെ തെങ്ങിൽ മൂന്നു പൂങ്കുലയുണ്ടായാൽ അതിലൊന്നു നാളികേരമായും മറ്റൊന്നു ഇളനീരായും വിൽക്കുന്നതിനൊപ്പം മൂന്നാമത്തെ കുലയിൽനിന്നുള്ള പോഷകദ്രാവകം ഉപഭോക്താക്കളിലെത്തിച്ചു വരുമാനം നേടാനുള്ള സാഹചര്യം മാത്രമാണ് അവർക്കു വേണ്ടത്. ഇക്കാര്യത്തിൽ ഇടപെടാൻ ഉദ്യോഗസ്ഥർക്കും മദ്യവ്യവസായവുമായി ബന്ധപ്പെട്ടവർക്കും എന്ത് അധികാരമാണുള്ളത്? മദ്യവില്പനയ്ക്കായുള്ള കള്ള് ഉത്പാദനവും വില്പനയുമൊക്കെ ഇക്കൂട്ടർ നടത്തിക്കൊള്ളട്ടെ. കള്ളുഷാപ്പുകളിൽ നല്ല കള്ളാണ് വിൽക്കുന്നതെന്നും ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നുവെന്നുമൊക്കെ ഉറപ്പാക്കുന്നതിലാവട്ടെ എക്സൈസ് മന്ത്രിയുടെയും മേധാവികളുടെയും ശ്രദ്ധ.

നീരയുടെ വിപണനത്തിന് കുറ്റമറ്റ ഒരു സംവിധാനം നാളികേരവികസനബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. കൃഷിക്കാരും ചെത്തുതൊഴിലാളികളും വരുമാനം പങ്കിടുന്ന ഈ സംവിധാനത്തിൽ മൂന്നാമതൊരു ഏജൻസിക്കു സ്ഥാനമില്ല. നാളികേരവികസനബോർഡിനു പോലും ഒരു അഭ്യുദയകാംക്ഷിയുടെ മാത്രം സ്ഥാനമുള്ള ഈ നിർദ്ദേശത്തിനു തത്കാലം മറ്റു ബദലുകൾ തേടേണ്ടതില്ല. ഉത്പാദകസംഘങ്ങളുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാനിയമവും മറ്റും പാലിച്ച് ടെട്രാപായ്ക്കറ്റുകളിലും സീൽചെയ്ത കുപ്പികളിലും നീര വിതരണം ചെയ്യപ്പെടട്ടെ. തെങ്ങിൽ കയറി നീരയും ഇളനീരും നാളികേരവും വിളവെടുക്കുകയും പരിപാലനമുറകൾ നിർവഹിക്കുകയും ചെയ്യുന്ന കോക്കനട്ട് ടെക്നീഷ്യന്മാരായി മാറാൻ ഈ നിർദ്ദേശം ചെത്തുതൊഴിലാളികൾക്കു അവസരം നൽകുകയാണ്. അതുവഴി സ്വന്തം ജീവിതനിലവാരവും വരുമാനവും തൊഴിവസരങ്ങളും കുതിച്ചുയരുമെന്ന് അവർ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ലഹരിയുള്ള കള്ളിനും ലഹരിവിമുക്തമായ നീരയ്ക്കും കൃത്യമായ നിർവചനം നൽകി നീരവിപണനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയാണ് അടിയന്തരമായി സർക്കാർ ചെയ്യേണ്ടത്. കള്ള് ചെത്താൻ നൽകുന്ന ലൈസൻസ് നീരയ്ക്ക് ആവശ്യമില്ല. ആരെങ്കിലും നീര കള്ളാക്കുകയാണെങ്കിൽ മാത്രം എക്സൈസുകാർ ഇടപെട്ടാൽ മതി. മിച്ചംവരുന്ന നീര മൂല്യവർധനയ്ക്ക് ഉപയോഗപ്പെടുത്താമെന്നതിനാൽ കള്ളായി മാറുന്ന സാഹചര്യമേയില്ല. അല്ലെങ്കിൽതന്നെ ഇരട്ടിയും അതിലേറെയും വില കിട്ടുന്ന നീരയുള്ളപ്പോൾ ആർക്കുവേണം നിങ്ങളുടെ പുളിച്ച കള്ള്!

– പത്രാധിപർ